**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5909** **25-03-2025 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കശുവണ്ടി മേഖലയ്ക്കായി നടപ്പ് സാമ്പത്തികവർഷത്തെ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | കശുവണ്ടി മേഖലയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ 57.36 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ നിന്നും 49.26 കോടി രൂപ (resumed fund ഉൾപ്പെടെ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ്, കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി, കേരള കാഷ്യു ബോർഡ്, വ്യവസായ വാണിജ്യ ഡയറക്ടർ എന്നിവർക്ക് പദ്ധതി നടത്തിപ്പിനായി റിലീസ് ചെയ്ത് നൽകി.<br><br>ഇതിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം 46.87 കോടി രൂപ ചെലവഴിച്ചു. തോട്ടണ്ടി ഇറക്കുമതിയ്ക്കായി കേരള കാഷ്യു ബോർഡിന് അനുവദിച്ച 40.81 കോടി രൂപയും കാപ്പക്സ് ഫാക്ടറികളുടെ ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 58.54 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിംഗിന് 7.27 ലക്ഷം രൂപയും ജൈവ കശുമാവ് കൃഷിയും തോട്ടണ്ടി ബാങ്ക് സംഭരണവും പദ്ധതിയ്ക്ക് Rs. 2,49,99,276/- രൂപയും നെടുമങ്ങാട് കോടതിയിലെ ഒ.എസ്. നം. 57/1996 -ൽ കോടതി സെറ്റിൽമെന്റ് തുകയായി 10 ലക്ഷം രൂപയും ചെറുകിട ഇടത്തരം കാഷ്യു ഫാക്ടറിയുടെ നവീനവത്കരണത്തിന് മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന പദ്ധതിയിൽ 80 ലക്ഷം രൂപയും സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേൽപ്പ് പദ്ധതിയിൽ 200 ലക്ഷം രൂപയും ഇതുവരെ ചെലവഴിച്ചു. |
| (ബി) | കശുവണ്ടി വ്യവസായത്തിന്റെ പുനരുജ്ജീവന പദ്ധതിക്ക് നടപ്പ സാമ്പത്തിക വർഷം ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (ബി) | കശുവണ്ടി വ്യവസായത്തിന്റെ പുനരു ജ്ജീവന പദ്ധതിക്ക് നടപ്പ സാമ്പത്തിക വർഷം ബജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും 80 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകുകയും പ്രസ്തുത തുക |

| | | | |
|---|---|---|---|
| | | | വ്യവസായ വാണിജ്യ ഡയറക്ടർ വിവിധ ജില്ലകൾക്ക് വിതരണം ചെയ്യുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ